(ബി) ഹോർട്ടികോർപ്പ് ചെയർമാനും എം.ഡി.യും തമ്മിൽ സ്വരച്ചേർച്ചയില്ലായ്മ ഉള്ളതായും ഓണനാളുകളിൽ പച്ചക്കറി വില്പനരംഗത്ത് പ്രവർത്തനം മോശമായതായും ആക്ഷേപം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2014-15 സാമ്പത്തിക വർഷം പൊതുവിപണിയിൽ ഇടപെടുന്നതിനായി കൃഷി വകുപ്പ് 5 കോടി രൂപ ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ട്. ഇത് ഓണം/റംസാൻ സമയത്ത് വിപണിയിടപെടലിനാണ് നൽകിയത്. ഇക സമയബന്ധിതമായി തന്നെ ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ട്.

(ഡി) ചില പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും ഉത്സവസീസണുകളിലും പൊതു വിപണിയിൽ പഴം-പച്ചക്കറികൾക്ക് വില വർദ്ധിക്കുമ്പോഴും വിപണിയിൽ ഇടപെടുന്നതിനും ഹോർട്ടികോർപ്പിന് സർക്കാർ ധനസഹായം അനുവദിക്കാറുണ്ട്. ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, പി.എഫ്., മറ്റ് ചെലവുകൾ എന്നിവ കോർപ്പറേഷന്റെ സ്വന്തം ഫണ്ടിൽനിന്നുമാണ് വിനിയോഗിച്ചുവരുന്നത്. കൃഷി വകുപ്പിന്റെ ആഗോള കാർഷിക മൊത്ത വ്യാപാര വിപണി (വേൾഡ് മാർക്കറ്റ്) വഴി പച്ചക്കറി സംഭരിക്കുമ്പോൾ കർഷകർക്ക് കൂടിയ വില നൽകേണ്ടിവരികയും കമ്പോളവിലയേക്കാൾ താഴ്ന്നി സ്റ്റാളുകൾ വഴി വിൽക്കുകയും ചെയ്യേണ്ടിവരുമ്പോൾ ഹോർട്ടികോർപ്പിന് ഉണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. സർക്കാർ നൽകുന്ന ഇക ഓണം, റംസാൻ മുതലായ ഉത്സവകാലങ്ങളിൽ പൊതുജനങ്ങൾക്ക് വിലക്കിഴിവിൽ പച്ചക്കറി നൽകുന്നതിന് വിനിയോഗിക്കുവാൻ വേണ്ടി മാത്രമാണ്. മറ്റ് കാലയളവിലെ പ്രവർത്തനത്തിൽ കോർപ്പറേഷന് നഷ്ടം നേരിടേണ്ടിവരുന്നുണ്ട്. കാലാകാലങ്ങളിലായി ഇത്തരത്തിൽ വർദ്ധിച്ചുവരുന്ന നഷ്ടം നിമിത്തം കോർപ്പറേഷൻ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുകയാണ്. 2010-ാം മാണ്ടു മുതൽ വേൾഡ് മാർക്കറ്റിൽ നിന്നും കർഷകർക്ക് ഉയർന്ന വില നൽകി ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ചുവരികയാണ്.

കുട്ടനാട് പാക്കേജ്

198 (3484) ഡോ. ടി. എം. തോമസ് ഐസക് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജ് നടത്തിപ്പിൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്നും യഥാസമയം പദ്ധതി നടപ്പാക്കാൻ കഴിയാത്തത് കാരണം എത്ര കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുട്ടനാട് പാക്കേജിന്റെ കാലാവധി നീട്ടിക്കിട്ടാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കുട്ടനാട് പാക്കേജിനായി ആകെ ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്നും അതിൽ ചെലവഴിച്ചത് എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ എത്ര ശതമാനം വരെ ഉദ്ദേശിച്ച പ്രവൃത്തി നടത്താൻ കഴിഞ്ഞു. വിശദമാക്കാമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിലെ അംഗീകാരം ലഭിച്ച പദ്ധതികൾ വിവിധ വകുപ്പുകളുടെ ഇടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരികയാണ്. പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലായതിനാൽ നഷ്ടത്തിന്റെ വിശദാംശം ഇപ്പോൾ നൽകാൻ നിർവ്വാഹമില്ല.

(ബി) ബഹു. മുഖ്യമന്ത്രി 7-10-2014-നും 16-10-2014-നും കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. കേന്ദ്ര കൃഷി മന്ത്രി കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നല്കുന്നതിനായി 13-11-2014-ലെ കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മൂൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന ഇടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും ടി കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കുട്ടനാട് പാക്കേജിനായി ആകെ അനുവദിച്ച കേന്ദ്ര വിഹിതം 418.76 കോടി രൂപയാണ്. ഇതിൽ ചെലവഴിച്ചത് 300.79 കോടി രൂപയാണ്.

(ഡി) അനുബന്ധത്തിൽ കാണാവുന്നതാണ്.*

പാലക്കാട് ജില്ലയിൽ നെൽകൃഷി പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ

199 (3485) ശ്രീ. എം. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ നെൽവയലിന്റെ വിസിതീർണ്ണം വർഷംതോറും കുറയുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly